


ഇന്തോ– യുകെ പ്രമേഹ ഉച്ചകോടി ബ്രിട്ടിഷ് ആരോഗ്യ മന്ത്രി അന്ന സോബ്രി ഉദ്ഘാടനം ചെയ്യുന്നു. ചിത്രം: മനോരമ

# 'പ്രാഥമികാരോഗ്യ മേഖലയിൽ പ്രഫഷനലുകൾക്കു ക്ഷാമം'

## ഇന്തോ–ബ്രിട്ടൻ സഹകരണത്തിൽ പ്രമേഹ ഉച്ചകോടി തുടങ്ങി

ചെന്നൈ● രാജ്യത്തെ പ്രാഥമികാരോഗ്യ മേഖലയിൽ പ്രഫഷനലുകളുടെ ക്ഷാമം നേരിടുന്നതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അഡീഷനൽ സെക്രട്ടറി കേശവ്ദേശിരാജു. ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെയുള്ളവരുടെ മേഖലകളിലാണു കൂടുതൽ ആളുകളെ ആവശ്യം. രാജ്യത്തു പ്രതിവർഷം 40,000 ഡോക്ടർമാർ പരിശീലനം നേടി പുറത്തിറങ്ങുന്നുണ്ട്. എന്നാൽ, ഇവരിൽ കുറച്ചുപേർ മാത്രമാണു പൊതുജനാരോഗ്യ രംഗത്തു പ്രവർത്തിക്കുന്നതെന്നു ദേശിരാജു പറഞ്ഞു.

ആരോഗ്യമേഖലയിൽ ഇന്തോ–ബ്രിട്ടൻ സഹകരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രമേഹ ഉച്ചകോടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തു പ്രമേഹ രോഗികൾ വർധിച്ചുവരികയാണ്. അതിനാൽ ഈ മേഖലയിൽ വിദഗ്ധ ചികിത്സ ഉറപ്പുവരുത്തണം. ആരോഗ്യരംഗത്ത് ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി ധാരണാപത്രം ഒപ്പിടുമെന്നും ദേശിരാജു അറിയിച്ചു.

ഇന്ത്യയിലെ പരമ്പരാഗത മരുന്നുകൾ, ചികിത്സാ രീതികൾ എന്നിവയിൽ ബ്രിട്ടൻ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ഉച്ചകോടി ഉദ്ഘാടനം ചെയ്ത ബ്രിട്ടിഷ് ആരോഗ്യമന്ത്രി അന്ന സോബ്രി പറഞ്ഞു.

ബ്രിട്ടനിലെ ആരോഗ്യമേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള നഴ്സുമാരുടെ സേവനത്തെ അന്ന സോബ്രി പ്രശംസിച്ചു.

ഇന്ത്യയിൽനിന്നു കൂടുതൽ നഴ്സുമാരെ ബ്രിട്ടന് ആവശ്യമുണ്ടെന്നും ആരോഗ്യമേഖലയിൽ ഇന്തോ–ബ്രിട്ടിഷ് സഹകരണത്തിന്റെ ഭാഗമായി കൂടുതൽ പദ്ധതികൾ കൊണ്ടുവരുമെന്നും അന്ന സോബ്രി പറഞ്ഞു.

പ്രമേഹ ചികിത്സാ രംഗത്ത് ഇരു രാജ്യങ്ങളിലെയും വിദഗ്ധരുടെ കൂട്ടായ്മ രൂപീകരിക്കുകയാണ് ഉച്ചകോടിയുടെ ലക്ഷ്യം. ഇന്നു സമാപിക്കുന്ന ഉച്ചകോടിയിൽ വിദേശ രാജ്യങ്ങളിൽനിന്ന് അൻപതോളം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്. ബ്രിട്ടിഷ് ഡപ്യൂട്ടി ഹൈക്കമ്മിഷണർ മൈക്ക് നിതാവ്റിയാനകിസ്, ഡോ. മോഹൻ ഡയബറ്റിസ് സ്പെഷ്യൽറ്റി സെന്റർ ചെയർമാൻ ഡോ. വി. മോഹൻ, എം.വി. ഹോസ്പിറ്റൽ ഫോർ ഡയബറ്റിസ് എംഡി ഡോ. വിജയ് വിശ്വനാഥൻ തുടങ്ങിയവർ പ്രസംഗിച്ചു.